<u>**പൊതുചോദ്യങ്ങൾ**</u>

1. ഇടവകയുടെ സമഗ്രമായ വളർച്ചയക്ക് കുടുംബകൂട്ടായ്മയും ഭക്തസംഘടനകളും എപ്രകാരം പ്രയോജനപ്പെടുത്താമെന്ന് വിശദീകരിക്കുക.

2. വ്യക്തിപരമായി നിങ്ങളുടെ ജീവിതങ്ങളെ സ്പർശിച്ച അഞ്ച് വ്യക്തികളുടെ പേരും അവരുടെ രണ്ട് നന്മകളും എഴുതുക. സമൂഹത്തിന് അവർ നല്കിയ സംഭാവന എന്ത്?

3. മാധ്യമങ്ങളുടെ ലക്ഷ്യമെന്ത്?മാധ്യമങ്ങളുടെ ഉപയോഗം നിങ്ങൾക്കോ സുഹൃത്തുക്കൾക്കോ തിന്മയ്ക്ക് കാരണമായിട്ടുണ്ടോ? എങ്ങനെ ഇതിനെ തടയാം?

4. മാതാപിതാക്കളും മക്കളും ഒത്തുചേർന്ന കുടുംബമാണ് ഈ ലോകത്തിലെ സ്വർഗ്ഗം. ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനില്കും. എങ്കിൽ നമ്മുടെ കുടുംബങ്ങളെ സ്വർഗ്ഗതുല്യമാക്കാൻ ശ്രദ്ധിക്കേണ്ടത് എന്തെല്ലാം?

5. ആധുനിക സമ്പർക്ക മാധ്യമങ്ങളുടെ അതിപ്രസരത്തിൽ വിദ്യാർത്ഥി സമൂഹത്തിൽ കടന്നു കൂടുന്ന അനാരോഗ്യ പ്രവണതകൾ ഏവ? നമുക്ക് അതിനെ എങ്ങിനെ നിറവേറ്റാനാകുമെന്ന് വിശദീകരിക്കാമോ?

6. ഈശോ എപ്പോഴും തിന്മയ്ക്കെതിരെ ശക്തമായ നിലപാടുകൾ എടുത്തിരുന്നു. ഇന്ന് സമൂഹത്തിൽ കാണുന്ന അക്രമങ്ങൾ സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള പീഢനങ്ങൾ ഇവയക്കെതിരെ ഈശോയുടെ ശിഷ്യരെന്ന നിലയിൽ നിങ്ങൾ എങ്ങനെ പ്രതികരിക്കാം?

7. ദുശ്ശീലങ്ങളിലോ, പാപസാഹചര്യങ്ങളിലോ അകപ്പെട്ടിരിക്കുന്ന നിങ്ങളുടെ കൂട്ടുകാരനെ എങ്ങിനെ നല്ല ജീവതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനാകും.

8. വിശ്വാസ വളർച്ചയിൽ നിങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?

9. കുടുംബത്തെ തിരുകുടുംബമാക്കാൻ പ്രാർത്ഥന, തിരുവചനപഠനം, ജീവകാരുണ്യപ്രവർത്തനങ്ങൾ ഇവയൊക്കെ ആവശ്യമാണ്. നിങ്ങളുടെ കുടുംബത്തിൽ ഇവ എങ്ങനെ പ്രാവർത്തികമാകുന്നു?